I ഇ.ബി. XIII-കേരള നിയമസഭ/XII-12

# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ -സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

## 2014 ഡിസംബർ 16, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(ചോദ്യോത്തര വേളയിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം കറുത്ത തുണികൊണ്ട് വായ് മൂടിക്കെട്ടിയാണ് സഭയിൽ ഹാജരായിരുന്നത്.)

(റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിരിക്കുന്ന വിഷയം സഭ തുടങ്ങിയതുമുതൽ ഉന്നയിക്കുന്നതായതിനാൽ പ്രസ്തുത വിഷയം ആദ്യ സബ്മിഷനായി അവതരിപ്പിക്കാൻ അനുവദിക്കാമെന്നും അടിയന്തരപ്രമേയമായി വരുന്ന വിഷയങ്ങൾ സബ്മിഷനായി മാറ്റിയ കീഴ്വഴക്കം സഭയ്ക്കുണ്ടെന്നും ചെയർ അറിയിച്ചെങ്കിലും പ്രതിപക്ഷാംഗങ്ങൾ ഡയസ്സിന് മുന്നിൽവന്നുനിന്ന് ബഹളം

വച്ചതിനെത്തുടർന്ന് ഉടൻതന്നെ പ്രസ്തുത വിഷയം സബ്മിഷനായി അവതരിപ്പിക്കാൻ അനുവദിക്കാമെന്നും ഇരുഭാഗത്തേയും അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ചെയറിന് ഉത്തരവാദിത്തമുണ്ടെന്നും അംഗങ്ങൾ സഹകരിക്കണമെന്നും ബഹു.ഡെപ്യൂട്ടി സ്പീക്കർ റൂളിംഗ് നൽകി. അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ച് വരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഹൈബി ഈഡൻ: കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ അനുബന്ധമായി റോഡ്, ജലഗതാഗതമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനും ഒരു ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പിലാക്കുന്നതിനുമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കൊച്ചി മെട്രോ റെയിൽ പദ്ധതിയേക്കാൾ ബൃഹത്തായ ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം വരുന്നതോടുകൂടി കൊച്ചിയോടൊപ്പം മറ്റ് ജില്ലകളെക്കൂടി ഉൾപ്പെടുത്തി മോഡേൺ വാട്ടർ ട്രാൻസ്പോർട്ടേഷൻ സിസ്റ്റം വിപുലീകരിക്കാൻ സാധിക്കുന്ന തരത്തിൽ ഡിസൈൻ ചെയ്തിട്ടുള്ള ഈ പ്രോജക്ടിന് ഗവൺമെന്റ് ഓഫ് ഇൻഡ്യ അനുമതി നൽകിയിട്ടുണ്ട്. കൊച്ചിയിലെ ജലഗതാഗതം സംബന്ധിച്ച്

സി.ഡി.ഐ.എ. യുടെ പഠന റിപ്പോർട്ട് പ്രകാരം 230 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. കൊച്ചി മെട്രോ റയിൽ പദ്ധതിക്കൊപ്പം അനുബന്ധ ഗതാഗത സൗകര്യങ്ങൾകൂടി വർദ്ധിപ്പിക്കുന്നതിനും ജലഗതാഗതമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനുമായി വിദേശ ധനസഹായവും കെ.എം.ആർ.എൽ. ന്റെ സാങ്കേതിക വൈദഗ്ദ്ധ്യവും കൂടി ഉൾപ്പെടുത്തിക്കൊണ്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശത്തിന്മേൽ ഗവൺമെന്റ് അനുകൂല നിലപാട് സ്വീകരിക്കുന്നതാണ്. കൊച്ചി - മെട്രോ റെയിൽവെ പദ്ധതിയോടൊപ്പം ആസൂത്രണം ചെയ്യപ്പെട്ട പരസ്പര ബന്ധമുള്ള സംയോജിത ഗതാഗത സംവിധാനമുണ്ടെങ്കിൽ മാത്രമേ ഈ പദ്ധതി സഫലമാവുകയുള്ളൂ. ജലഗതാഗത വികസനം സംബന്ധിച്ച് കൊച്ചി കോർപ്പറേഷൻ സി.ഡി.ഐ.എ.യുടെ നേതൃത്വത്തിൽ നടത്തിയ പ്രീ ഫീസിബിലിറ്റി പഠനത്തിന്റെ അടിസ്ഥാനത്തിൽ ജലഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 230 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ബോട്ടുജെട്ടികളുടെ നവീകരണം, വേഗത കൂടിയ ജലയാനങ്ങൾ, വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ എന്നിവ സംബന്ധിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമഗ്രമായൊരു റിപ്പോർട്ട് തയ്യാറാക്കി

വരുന്നുണ്ട്. ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപികരിക്കേണ്ടതുണ്ട്. ടി ജലഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഫ്രഞ്ച്-ജർമ്മൻ സാങ്കേതിക ഏജൻസികൾ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകാമെന്ന് ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ജർമ്മൻ ഏജൻസിയുമായി ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ ഭാഗമായി റിവൈവൽ ഓഫ് ഇൻലാന്റ് വാട്ടർ ട്രാൻസ്പോർട്ട് ഇൻഫ്രാസ്ട്രക്ച്ചർ, ഇൻട്രൊഡക്ഷൻ ഓഫ് ബെസ്റ്റ് ട്രാൻസിറ്റ് ആൻറ് നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് സിസ്റ്റം ആന്റ് ഇംപ്ലിമെന്റേഷൻ ഓഫ് ദ ഇന്റലിജന്റ് ട്രാൻസ്പോർട് സിസ്റ്റം എന്നിവ കെ.എം.ആർ.എൽ-ന്റെയും കേരള സർക്കാരിന്റെയും അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. കൊച്ചി കേന്ദ്രീകരിച്ച് വരുന്ന ഈ മാറ്റത്തിൽ തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി ജില്ലയുടെ ചില ഭാഗങ്ങൾ, കോട്ടയം തുടങ്ങിയ പ്രദേശങ്ങളേയും ജലയാനങ്ങൾ പോകാൻ കഴിയുന്ന സ്ഥലങ്ങളെയും ഉൾപ്പെടുത്തി സർഫസ് ട്രാൻസ്പോർട്ടിന്റെ വികസനത്തിനാവശ്യമായിട്ടുള്ള നടപടി സ്വീകരിച്ച് വിപുലമായ ഡി.പി.ആർ. രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കിട്ടിയാലുടൻതന്നെ തുടർ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

## (2) <u>ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കുന്നതിലുള്ള കാലതാമസം</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം

പി.എസ്.സിയെ അറിയിക്കുന്നതിനും അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും സത്വര നടപടി സ്വീകരിക്കണം. കേരളത്തിലെ വിവിധ ജില്ലകളിൽ സ്കൂൾ മേഖലയിലെ അദ്ധ്യാപക നിയമനം നിലച്ചിരിക്കുകയാണ്. പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി/പ്ലസ് ടു ബാച്ചുകൾക്കാവശ്യമായ അദ്ധ്യാപകരുടെ അപര്യാപ്തതയുണ്ട്. കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റൻറ്, കാഷ്യർ, മസ്ദൂർ തസ്തികകളിലെ ഒഴിവുകൾ നികത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.യിൽ റിസർവ്ഡ് കണ്ടക്ടർമാരായി നിയമിക്കുന്നതിനുള്ള അഡ്വൈസ് മെമ്മോ നൽകിയെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന സ്റ്റാഫ് നഴ്സുമാരുടെ തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. മെഡിക്കൽ കോളേജുകളിലെ അസിസ്റ്റൻറ് പ്രൊഫസർമാരുടെയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള നീക്കം ഉപേക്ഷിക്കാനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനും തയ്യാറാകണം. യൂണിവേഴ്സിറ്റികളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.ക്കു വിട്ടെങ്കിലും യൂണിവേഴ്സിറ്റി ആക്ടിലും സ്റ്റാറ്റ്യൂട്ടിലും ആവശ്യമായ ഭേദഗതി വരുത്താത്തതിനാൽ നിയമനം നടത്തുന്നതിൽ

ഉണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകണം. കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നെങ്കിലും അതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഓയിൽ പാം ലിമിറ്റഡ് ഇന്ത്യ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കണം. നിയമന നിരോധനം അവസാനിപ്പിച്ച് എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് നിയമനം നടത്തുന്നതിനും പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികളുടെ പരാതി പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടായിട്ടും അംഗീകൃത തസ്തികകളിലെ ഒഴിവ് റിപ്പോർട്ട് ചെയ്യാത്ത ഏതെങ്കിലും കേസ് നിലവിലുണ്ടെങ്കിൽ അക്കാര്യം എഴുതിത്തന്നാൽ ഒഴിവ് നികത്തുന്നതിനോടൊപ്പം ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

പ്രധാനപ്പെട്ട എല്ലാ തസ്തികകളിലേയ്ക്കും പി.എസ്.സി.യുടെ ലൈവ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി 2015-ലെ പ്രതീക്ഷിത ഒഴിവുകൾ 2014 ഡിസംബർ 31-ന മുമ്പ് പി.എസ്.സി.യെ മുൻകൂട്ടി അറിയിക്കണമെന്നും വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ എൽ.ജി.എസ്., ജൂനിയർ അസിസ്റ്റൻറ്, അസിസ്റ്റന്റ് ഗ്രേഡ് II, കാഷ്യർ, ക്ലാർക്ക് എന്നീ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും എല്ലാ വകുപ്പുമേധാനവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റികളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടുന്നത് സംബന്ധിച്ച തീരുമാനം ഏറ്റവും വേഗത്തിൽ ഉണ്ടാകുന്നതും നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികളെ സഹായിക്കുന്ന തരത്തിൽ ഒരു പ്രത്യേക സെൽ ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതുമാണ്.

## സബ്മിഷൻ

### (1) ബാർ കോഴക്കേസ്

ശ്രീ. മാത്യു റ്റി. തോമസ്: വിജിലൻസിന്റെ ചുമതലയുള്ള ആഭ്യന്തര വകുപ്പുമന്ത്രി എഫ്.ഐ.ആർ-ൽ പ്രതി ചേർക്കപ്പെട്ട പ്രതിയുടെ വീട്ടിൽപ്പോയി സന്ദർശിക്കുകയും അഡീഷണൽ അഡ്വക്കേറ്റ് ജനറലിനെ പ്രതി അദ്ദേഹത്തിന്റെ വീട്ടിൽ വിളിച്ചുവരുത്തി കേസിനെപ്പറ്റി ചർച്ച ചെയ്യുകയും ക്വിക്ക് വെരിഫിക്കേഷൻ

റിപ്പോർട്ടു സമർപ്പിച്ച അന്വേഷണ സംഘത്തെ തുടർ അന്വേഷണത്തിൽ നിന്നും മാറ്റി മറ്റൊരു സംഘത്തെ കേസിന്റെ അന്വേഷണച്ചുമതല ഏൽപ്പിക്കുകയും വിജിലൻസ് ഡയറക്ടറെ തൽസ്ഥാനത്തുനിന്ന് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഗവൺമെന്റിന്റെ മദ്യനയത്തിൽത്തന്നെ മാറ്റം വരുത്തുകയും ചെയ്ത് ബാർ കോഴക്കേസ് അട്ടിമറിക്കാനുള്ള നീക്കം നടത്തുന്നതിനെതിരെ അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അഡീഷണൽ അഡ്വക്കേറ്റ് ജനറലിനെ വീട്ടിൽ വിളിച്ചു വരുത്തിയിട്ടില്ല. സംസ്ഥാനത്തെ നിയമ വകുപ്പുമന്ത്രി എന്ന നിലയിൽ അഡ്വക്കേറ്റ് ജനറലിനും അഡീഷണൽ അഡ്വക്കേറ്റ് ജനറലിനും ഏതു സമയത്തും എന്നെ വന്നുകണ്ട് നിയമപ്രശ്നങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ആഭ്യന്തര വകുപ്പുമന്ത്രി എന്ന നിലയിൽ ധനകാര്യ വകുപ്പുമന്ത്രിയെ സന്ദർശിച്ചതിൽ നിയമപരമായും ധാർമ്മികമായും യാതൊരു തെറ്റുമില്ല. അന്വേഷണത്തിൽ നിയമപരമായി പ്രോസിക്യൂട്ടർക്ക് യാതൊരു പങ്കാളിത്തവും ഇല്ലെന്നിരിക്കെ അതുമായി ബന്ധപ്പെട്ട് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ബഹു. ധനകാര്യ വകുപ്പുമന്ത്രിയെ സന്ദർശിച്ചു എന്ന വാദം ശരിയല്ല. കേസ്സ് അന്വേഷണത്തിന് ഏത്

ടീമിനെ നിയോഗിക്കണമെന്ന് തീരുമാനിക്കുന്നത് വിജിലൻസ് ഡയറക്ടറാണ്. സർക്കാരിന് അതിൽ യാതൊരു പങ്കാളിത്തവുമില്ല. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I-ന്റെ നേതൃത്വത്തിലാണ് ഇപ്പോൾ അന്വേഷണം നടക്കുന്നത്. കേസ് അട്ടിമറിക്കാൻ സർക്കാർ ശ്രമിക്കുന്നു എന്ന വാദം നിരർത്ഥകമാണ്. വിജിലൻസ് ഡയറക്ടറെ തൽസ്ഥാനത്തു നിന്നു മാറ്റുന്ന കാര്യം ആലോചിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന സത്യവിരുദ്ധമായ വാർത്തകളുടെ ഉറവിടം അന്വേഷിക്കേണ്ടതാണ്. യു.ഡി.എഫ്-ന്റെ മദ്യനയത്തിൽ അടിസ്ഥാനപരമായി യാതൊരു മാറ്റവും വരുത്തിയിട്ടില്ല. മദ്യനയം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ടുണ്ടായ പ്രായോഗികമായ ബുദ്ധിമുട്ടുകൾ പഠിച്ചതിനുശേഷം ഉചിതമായ തീരുമാനമെടുക്കുന്നതിനാണ് ക്യാബിനറ്റിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ കേസ് സത്യസന്ധവും നീതിപൂർവ്വവുമായി അന്വേഷിക്കുമെന്ന് ഉറപ്പു നൽകുന്നു.

(സർക്കാരിന്റെ മറുപടിയിൽ തൃപ്തരാകാതെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## (2) വികലാംഗ ജീവനക്കാർക്ക് സർവ്വീസ് നീട്ടിനൽകൽ

ശ്രീ. കെ. മുരളീധരൻ: പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ 125-ാം

ജന്മദിനത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിലെയും അനുബന്ധ മേഖലകളിലെയും വികലാംഗ ജീവനക്കാർക്ക് 62 വയസ്സുവരെയെങ്കിലും സർവ്വീസ് കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ ഗവൺമെന്റ് വികലാംഗരോട് അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിക്കുന്നത്. 179 ദിവസം താൽക്കാലിക സേവനം ചെയ്ത 2677 വികലാംഗർക്ക് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലി നൽകിയിട്ടുണ്ട്. യുവജന സംഘടനകളുമായി ചർച്ച ചെയ്ത് വികലാംഗരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. മൂന്നുവർഷം സർവ്വീസുള്ള വികലാംഗ ജീവനക്കാർക്ക് മിനിമം പെൻഷൻ അനുവദിക്കുകയും രണ്ട് വർഷവും ഒരു ദിവസവും സർവ്വീസുള്ള വികലാംഗ ജീവനക്കാർക്കും പ്രസ്തുത ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## (3) മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീ. കെ. ശിവദാസൻ നായർ: സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ ഭീമമായ നഷ്ടം നികത്തുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടി): സാമ്പത്തിക സഹായം നൽകി പൊതുമേഖലാ ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തന നഷ്ടം ഇല്ലാതാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം നിലവിലുണ്ട്. ടെക്സ്റ്റൈയിൽ മില്ലുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി വ്യവസായ-ധനകാര്യ വകുപ്പുകൾ റിവ്യൂ യോഗം ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. നിലവിലെ സിസ്റ്റത്തിൽ മാറ്റം വരുത്തി ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## (4) സർവ്വീസ് റോഡ് നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ദേശീയ പാത 47-ൽ വാളയാർ-വടക്കാഞ്ചേരി നാലുവരിപ്പാതയിൽ ഉൾപ്പെട്ട നാലകംപള്ളി പാലം മുതൽ കുട്ടുപാത ജീവാസ് തീയേറ്റർ വരെയുള്ള ഭാഗത്ത് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ദേശീയപാത 47-ലെ വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കുന്ന പ്രവൃത്തിയുടെ കൺസ്ട്രക്ഷൻ എഗ്രിമെന്റിൽ നാലകംപള്ളി പാലം മുതൽ കുട്ടുപാത ജീവാസ് തീയേറ്റർ വരെയുള്ള ഭാഗത്തെ സർവ്വീസ് റോഡിന്റെ നിർമ്മാണം ഉൾപ്പെട്ടിട്ടില്ല. സർവ്വീസ് റോഡ്

നിർമ്മിക്കുന്നതിന് കൺസ്ട്രക്ഷൻ എഗ്രിമെന്റിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള ശിപാർശ ദേശീയപാതാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശയ്ക്ക് അംഗീകാരം ലഭിക്കുന്നതിനാവശ്യമായ സമ്മർദ്ദം ചെലുത്തുന്നതാണ്.

## (5) കേന്ദ്ര പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കൽ

ശ്രീ. കെ. കെ. നാരായണൻ: 2011-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 3358 കോടി രൂപയുടെ കൈത്തറി പുനരുദ്ധാരണ പാക്കേജ് പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കി കൈത്തറി സഹകരണ സംഘങ്ങളെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 122 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേന്ദ്ര വിഹിതമായി 23.3 കോടി രൂപയും സംസ്ഥാന വിഹിതമായി 5.98 കോടി രൂപയും ആദ്യഗഡുവായി വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഗഡുവായി 83 കോടി രൂപ ലഭിച്ചതിൽ 82 കോടി രൂപ വിതരണം ചെയ്യുന്നതിന് കൈത്തറി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും പ്രസ്തുത പാക്കേജിലുൾപ്പെട്ട തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ മുഴുവൻ കൈത്തറി സഹകരണ സംഘങ്ങൾക്കും തുക വിതരണം ചെയ്യുന്നതാണ്.

## (6) <u>പ്രത്യേക പാക്കേജ്</u>

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കും അവയവദാതാക്കൾക്കും കാരുണ്യ പദ്ധതി പ്രകാരം പ്രത്യേക പാക്കേജായി തുക അനുവദിക്കുന്നതിനും ഇവരുടെ ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുമായി മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രത്യേക പാനൽ രൂപീകരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോറ്/കരൾ എന്നിവയ്ക്കുള്ള ശസ്ത്രക്രിയ, കരൾ/വൃക്ക തുടങ്ങിയ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്/സുഷുമ്ന നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകരോഗങ്ങൾ എന്നിവയ്ക്ക് പരമാവധി 2 ലക്ഷം രൂപ കാരുണ്യ ബെനവലന്റ് സ്കീം മുഖേന അനുവദിച്ചുവരുന്നുണ്ട്. ഹീമോഫീലിയ രോഗികൾക്ക് തുടർന്നും മരുന്ന് ആവശ്യമായി വന്നാൽ 1 ലക്ഷം രൂപകൂടി അനുവദിക്കുന്നതോടൊപ്പം ഇവർക്ക് സൗജന്യ ചികിത്സ നൽകുന്ന കാര്യവും പരിഗണനയിലാണ്. അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് രോഗിക്കു പുറമെ അവയവദാതാവിനുള്ള ചികിത്സയ്ക്ക് കാരുണ്യ ഫണ്ടിൽ നിന്ന് 1 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. രണ്ട് കാരുണ്യ ലോട്ടറികളിൽ നിന്നുള്ള വരുമാനം

ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന കാരുണ്യ ബെനവലന്റ് സ്കീം ഒരു തുടർചികിത്സാ സഹായ പദ്ധതിയല്ലാത്തതിനാൽ ചികിത്സാവസാനംവരെ ധനസഹായം ലഭ്യമാക്കാൻ സാധിക്കുകയില്ല. കാരുണ്യ പദ്ധതിയുടെ പരിഷ്കരണത്തിനായി എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനും പാക്കേജ് വിപുലീകരിക്കുന്നതിനും ആരോഗ്യ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പാക്കേജ് പരിഷ്കരിക്കുന്നതിനുള്ള അനന്തര നടപടി സ്വീകരിക്കുന്നതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടുത്ത മാസം മുതൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അടുത്തഘട്ടത്തിൽ മറ്റെല്ലാ മെഡിക്കൽ കോളേജുകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്നതാണ്.

## (7) അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കൽ

ശ്രീ. പി. ടി. എ. റഹീം: പെരുമണ്ണ ഇ.എം.എസ്. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ പുനർവിന്യാസംവഴി അദ്ധ്യാപകരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): മന്ത്രിസഭായോഗ തീരുമാനപ്രകാരം പെരുമണ്ണ ഇ.എം.എസ്. ഹയർ സെക്കന്ററി സ്കൂളിൽ 14 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 30.11.2010-ലെ ഡി.ഇ.ഒ.യുടെ നടപടിക്രമമനുസരിച്ച് സൃഷ്ടിക്കപ്പെട്ട തസ്തികകൾ സാധൂകരിക്കണമെന്നും കൂടുതൽ തസ്തികകൾ സൃഷ്ടിക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള ഫയൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

## (8) കുട്ടനാടൻ കാർഷികമേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. ജി. സുധാകരൻ: കുട്ടനാടൻ കാർഷികമേഖലയിലെ നെൽകർഷകർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതോടൊപ്പം പക്ഷിപ്പനി പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കൊന്നൊടുക്കിയ താറാവുകളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും താറാവ് കർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനും സൗജന്യമായി താറാവ്/കോഴിക്കുഞ്ഞുങ്ങൾ വിതരണം ചെയ്യുന്നതിനും മണ്ഡലാടിസ്ഥാനത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): 2014-15 വർഷം നെൽകൃഷി നടപ്പിലാക്കുന്നതിനാവശ്യമായ

വിത്ത്, വളം, ധനസഹായം എന്നിവ കുട്ടനാടൻ പ്രദേശത്തെ നെൽ കർഷകർക്ക് സമയബന്ധിതമായി വിതരണം ചെയ്തുവരുന്നുണ്ട്. ഉല്പാദനോപാധികളുടെ ചെലവിനായി 2751 ലക്ഷം രൂപ സബ്സിഡിയിനത്തിൽ നൽകിയതിനു പുറമെ ഹെക്ടറിന് 1000 രൂപ നിരക്കിൽ നെൽകൃഷി ഉല്പാദന ബോണസ് നൽകുകയും സൗജന്യ വൈദ്യുതി പദ്ധതി നടപ്പിലാക്കുകയും കൊയ്ത്ത്- മെതി യന്ത്രങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ഈ സീസണിൽ നാളിതുവരെ 36495.295 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. താറാവുകൾ വ്യാപകമായി ചത്തൊടുങ്ങിയപ്പോൾത്തന്നെ മൃഗസംരക്ഷണ വകുപ്പ് ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിച്ച് പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, തിരുവല്ല പക്ഷിരോഗ നിയന്ത്രണ ലാബ് എന്നിവിടങ്ങളിൽ പ്രാഥമിക പരിശോധന നടത്തുകയും തുടർന്ന് ഭോപ്പാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി ലാബിൽ നടത്തിയ പരിശോധനയിൽ പക്ഷിപ്പനിയാണെന്ന് സ്ഥിരീകരിക്കുകയുമുണ്ടായി. കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ പക്ഷിപ്പനി ബാധിത പ്രദേശങ്ങളുടെ 1 കി.മീ. ചുറ്റളവിലുള്ള വളർത്തുപക്ഷികൾ, തീറ്റ, മുട്ട എന്നിവ നശിപ്പിച്ചത്. വളർത്തുപക്ഷികൾ, തീറ്റ, മുട്ട എന്നിവ നഷ്ടപ്പെട്ട കർഷകർക്ക് നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുകയും ഇതിനായി 3,79,50,823 രൂപ ചെലവഴിക്കുകയും

ചെയ്തിട്ടുണ്ട്. രോഗബാധിത പ്രദേശങ്ങളിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ താറാവ് കർഷകപ്രതിനിധികളുടെയും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെയും ബാങ്ക് പ്രതിനിധികളുടെയും യോഗം ചേർന്നിട്ടുണ്ട്. ജനകീയവും ശാസ്ത്രീയവുമായ താറാവ് കൃഷിക്ക് കർമ്മപദ്ധതി തയ്യാറാക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് യോഗം ചേരുന്നതാണ്.

## (9) കൂലി വർദ്ധിപ്പിക്കൽ

പ്രൊഫ. സി. രവീന്ദ്രനാഥ്: സംസ്ഥാനത്തെ ഓട് നിർമ്മാണ കമ്പനികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഓട് വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം വേതനം നിജപ്പെടുത്തിക്കൊണ്ട് 06-02-2014-ൽ വിജ്ഞാപനം പുറപ്പെടുവിച്ച് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

## (10) കർഷകർ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിച്ചുനീക്കൽ

ശ്രീ. റ്റി. യു. കുരുവിള: കോതമംഗലം കുട്ടമ്പുഴ പഞ്ചായത്തിലെ വടാട്ടുപാറ, ഇടമലയാർ പ്രദേശത്തെ പട്ടയഭൂമിയിൽനിന്നും കർഷകർ നട്ടുപിടിപ്പിച്ച മരങ്ങൾ

മുറിച്ചുനീക്കുന്നതിന് വനം വകുപ്പ് അനുമതി നൽകാത്തതുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ചന്ദനം ഒഴികെ പട്ടയഭൂമിയിൽ ഉടമ വച്ചുപിടിപ്പിക്കുന്ന തേക്ക്, ഈട്ടി, എബണി എന്നീ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം വനം വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത വിഷയത്തിൽ വനം വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ പ്രശ്ന പരിഹാരത്തിന് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## (11) സീൽ ഒഴിവാക്കി നൽകാൻ നടപടി

ശ്രീ. എം. പി. വിൻസെന്റ്: തൃശ്ശൂർ ജില്ലയിൽ അനുവദിച്ചുനൽകിയിട്ടുള്ള നാലായിരത്തോളം പട്ടയങ്ങളിൽ 'സുപ്രീം കോടതിവിധിക്ക് വിധേയം' എന്ന് സീൽ മുഖേന രേഖപ്പെടുത്തിയിരിക്കുന്നതുമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 1993-ലെ കേരളാ ഭൂമി പതിവ് നിയമത്തിന്റെ തുടർച്ചയായി ഇറക്കിയ ഗവൺമെന്റ് ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി ഭൂമി കൈമാറ്റം അനുവദിച്ചതിനെതിരെ സമർപ്പിച്ച ഹർജിയിന്മേൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയുടെ

അടിസ്ഥാനത്തിൽ നൽകിയ പട്ടയങ്ങളിൽ 'സുപ്രീം കോടതിവിധിക്ക് വിധേയം' എന്ന് മുദ്ര പതിപ്പിച്ചിരുന്നു. പ്രസ്തുത മുദ്ര പതിപ്പിച്ചതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പട്ടയങ്ങളിൽനിന്നും അവ നീക്കം ചെയ്യണമെന്ന പട്ടയ ഉടമകളുടെ ആവശ്യത്തിന്മേൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം അവ നീക്കം ചെയ്യുന്നതിനും ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചകളുണ്ടായിട്ടുണ്ടെങ്കിൽ അവ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (12) എൻ. കൃഷ്ണപിള്ളയ്ക്ക് സ്മാരകം

ശ്രീ. വർക്കല കഹാർ: മലയാള സാഹിത്യത്തിലെ അതുല്യ പ്രതിഭയായിരുന്ന എൻ. കൃഷ്ണപിള്ളയ്ക്ക് സ്മാരകം നിർമ്മിക്കുന്നതോടൊപ്പം വകുപ്പിന്റെ ആഭിമുഖ്യത്തിൽ അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സാഹിത്യരംഗത്തെ അതുല്യ പ്രതിഭയും നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ളതുമായ എൻ. കൃഷ്ണപിള്ളയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടത്തുന്നതിന് നിർദ്ദേശം നൽകുന്നതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്മാരകം

നിർമ്മിക്കുന്ന കാര്യം ആലോചിക്കുന്നതുമാണ്.

## (13) കെ.ജയചന്ദ്രനെ നാട്ടിലെത്തിക്കുന്നതിന് നടപടി

(ഈ വിഷയത്തിൽ ശ്രീ. വി. റ്റി. ബൽറാം എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീമതി കെ. കെ. ലതിക: കഴിഞ്ഞ ഒമ്പത് മാസമായി മാലിദ്വീപിൽ തടങ്കലിൽ കഴിയുന്ന മൊകേരി സ്വദേശിയായ ശ്രീ. കെ. ജയചന്ദ്രനെ മോചിപ്പിച്ച് നാട്ടിലെത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): മാലി ദ്വീപിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കവെ ക്ലാസ് മുറിയിലുണ്ടായ പ്രശ്നത്തിന്റെ പേരിൽ ജയിൽശിക്ഷ അനുഭവിക്കുന്ന ശ്രീ. കെ. ജയചന്ദ്രനെ മോചിപ്പിക്കണമെന്ന ആവശ്യത്തിൽ മാലിയിലെ ഇൻഡ്യൻ ഹൈക്കമ്മീഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതുകൂടാതെ സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് അംഗങ്ങൾ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മാലിയിലെ നിയമപ്രശ്നമായ ഈ വിഷയം അധികം മാധ്യമശ്രദ്ധ പിടിച്ചുപറ്റുന്നത് മോചനത്തിന് തടസ്സമാകുമെന്നതിനാൽ മോചനത്തിന് മുൻഗണന കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ മുൻതൂക്കം കൊടുക്കുന്നതാണ്.

## (14) ഷൺമുഖം കനാൽ നവീകരണവും പാലം നിർമ്മാണവും

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പടിയൂർ, പൂമംഗലം പഞ്ചായത്തുകളിലൂടെയും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലൂടെയും കടന്നുപോകുന്നതും കനോലി കനാലിന്റെ ഫീഡർ കനാലുമായിട്ടുള്ള ഷൺമുഖം കനാലിന്റെ രണ്ടാംഘട്ട നവീകരണപ്രവർത്തനവും പ്രസ്തുത കനാലിനുകുറുകെയുള്ള പാലം നിർമ്മാണവും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ഷൺമുഖം കനാലിനുകുറുകെയുള്ള പാലം നിർമ്മാണത്തിന് പുതുക്കിയ ഷെഡ്യൂൾ പ്രകാരം 18-8-2014-ന് 155 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി അധികനിരക്കിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പുരോഗമിക്കുകയുമാണ്. ഷൺമുഖം കനാലിന്റെ രണ്ടാംഘട്ട നവീകരണപ്രവർത്തനത്തിനായി ഏഴ് കോടി രൂപയുടെ ഭരണാനുമതി 26-2-2014-ലെ സർക്കുലർപ്രകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ പ്രകാരമുള്ള ഏഴ് കോടിരൂപയുടെ എസ്റ്റിമേറ്റിന്റെ സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് മറ്റ് നടപടികൾ പൂർത്തിയാക്കുന്നതാണ്.

## (15) മീനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജപ്പാൻ സാമ്പത്തിക സഹായത്തോടെ നടത്തിക്കൊണ്ടിരിക്കുന്ന മീനാട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിലവിലെ കരാറുകാരനുപകരം മറ്റൊരാളെ കണ്ടെത്തിക്കൊണ്ട് പൂർത്തീകരിക്കുന്നതിനും മുടങ്ങിക്കിടക്കുന്ന ചെറുകിട ജലസേചന പദ്ധതികൾക്ക് ഫിനാൻഷ്യൽ സാംഗ്ഷൻ നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): മീനാട് ശുദ്ധജല പദ്ധതിയുടെ പാക്കേജ് മൂന്നിൽ ഉൾപ്പെടുത്തിയ വിതരണശൃംഖല സ്ഥാപിക്കുന്നതിനും ഗാർഹിക കണക്ഷൻ നടൽകുന്നതുമായ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്. പണിയുടെ പുരോഗതി വളരെ മന്ദഗതിയിലായതിനാൽ പണി ഊർജ്ജിതപ്പെടുത്തി പൂർത്തിയാക്കുവാൻ ചീഫ് എഞ്ചിനീയർ, മാനേജിംഗ് ഡയറക്ടർ, സർക്കാർ തലങ്ങളിൽ നിരവധി തവണ നിർദ്ദേശം നൽകുകയും ഇപ്പോൾ കരാറുകാരന് വാട്ടർ അതോറിറ്റി കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ ഇപ്പോഴത്തെ കരാർ റദ്ദ് ചെയ്ത് അവശേഷിക്കുന്ന പണികൾക്ക് റീടെണ്ടർ ചെയ്ത് പുതിയ കരാർ നൽകി

പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (16) ഗംഗയാർ തോടിനെ മാലിന്യ മുക്തമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി ജമീലാ പ്രകാശം: ഗംഗയാർ തോടിനെ മാലിന്യമുക്തമാക്കി വിഴിഞ്ഞം മേഖലയിലെ തീരദേശവാസികളെ ജലജന്യരോഗബാധകളിൽനിന്നും രക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ഗംഗയാർ തോടിനെ മാലിന്യമുക്തമാക്കുന്നതിന് 2013 ഷെഡ്യൂൾ ഓഫ് റേറ്റുപ്രകാരം 75 ലക്ഷം രൂപയുടെയും 35 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയെങ്കിലും 2014-ൽ പ്രസ്തുത റേറ്റ് പുതുക്കേണ്ടിയിരുന്നതിനാൽ മേൽപ്പടി എസ്റ്റിമേറ്റുകളെ ഏകോപിപ്പിച്ച് 128 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനെപ്പറ്റി പരിശോധിച്ചു വരികയാണ്. ഐസ് ഫാക്ടറികളിൽനിന്നും മത്സ്യസംസ്കരണ കേന്ദ്രങ്ങളിൽനിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ ഉൾക്കൊള്ളുന്നതിന് തോടിനകത്ത് ഉദ്ദേശം മുന്നൂറ് മീറ്റർ നീളത്തിൽ കംപാർട്ടുമെന്റായി ഒരു ഡ്രെയിൻനിർമ്മാണവും ഒരു പാലവും ഓടയിൽനിന്നുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഒരു കളക്ഷൻ വെല്ലും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ പ്രൊപ്പോസൽ പ്രാവർത്തികമാകുന്ന തോടെ ഗംഗയാർതോട് മാലിന്യമുക്തമാക്കാൻ കഴിയുന്നതാണ്.

## (17) താനൂർ സി.എച്ച്.സി.യിലെ ഡ്യൂട്ടി ഡോക്ടർമാരുടെ നിയമനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ സി. എച്ച്.സി.യിൽ ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ, രാത്രി ഡ്യൂട്ടി ഡോക്ടർ എന്നിവരെ നിയമിക്കുന്നതിനും സി.എച്ച്.സി.യുടെ നിലവിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 1999-ൽ സാമൂഹ്യ ആരോഗ്യകേന്ദ്രമായി ഉയർത്തിയ താനൂർ സി.എച്ച്.സി. യിൽ നിലവിലുള്ള അഞ്ച് അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകളിൽ ഇപ്പോൾ ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരുടെ സേവനവും രാത്രികാലങ്ങളിൽ അത്യാവശ്യ ഘട്ടങ്ങളിൽ ഓൺകാൾ ഡ്യൂട്ടി അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. മുമ്പ് ഇവിടെ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒരു ഗൈനക്കോളജിസ്റ്റ് ഉണ്ടായിരുന്നതിനാൽ ലേബർറൂമും ഗർഭിണികളുടെ വാർഡും പ്രവർത്തനസജ്ജമായിരുന്നു. പ്രസ്തുത ഡോക്ടർ സ്ഥലംമാറിപ്പോയതിനാൽ നിലവിൽ ഇവ ഉപയോഗിക്കുന്നില്ല. ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ ഉൾപ്പെടെയുള്ള സ്പെഷ്യൽവിഭാഗം തസ്തികകൾ ഈ സി.എച്ച്.സി.യിൽ അനുവദിച്ചിട്ടില്ല. ലേബർ റൂമും ഗർഭിണികളുടെ വാർഡും നിലവിലുള്ളതിനാൽ ഒരു

ജൂനിയർ കൺസൾട്ടന്റിനെയും മറ്റ് സ്പെഷ്യാലിറ്റി തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പീഡിയാട്രിഷ്യനെയും നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (18) താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താലൂക്ക് കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്നതും താലൂക്കാശുപത്രിക്കുവേണ്ട മതിയായ സൗകര്യങ്ങളുള്ളതുമായ കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): എം.എൽ.എ.യുടെ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിൽ അമ്പത് കിടക്കകൾ വരെ സജ്ജീകരിക്കാമെന്നും ആശുപത്രിയുടെ മറ്റ് പല വിഭാഗങ്ങളും പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി 115 കിടക്കകൾ ക്രമീകരിക്കാമെന്നുമുള്ള മലപ്പുറം ഡി.എം.ഒ. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഡയാലിസിസ് യൂണിറ്റിനുവേണ്ടി നിർമ്മിച്ച കെട്ടിടം കൂടി ഉൾപ്പെടുത്തി താലൂക്കാശുപത്രിക്ക് മിനിമം വേണ്ടതായ കിടക്കകൾ ക്രമീകരിക്കാമെന്ന ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പുതുതായി പ്രഖ്യാപിച്ച കൊണ്ടോട്ടി താലൂക്കിൽ വേറെ

താലൂക്കാശുപത്രിയില്ലാത്ത സാഹചര്യത്തിലും കൊണ്ടോട്ടി സി.എച്ച്.സി.യെ താലൂക്കാശുപത്രിയായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (19) കളമശ്ശേരി മെഡിക്കൽ കോളേജിന്റെ വികസനവും ജീവനക്കാരുടെ തൊഴിൽ സംരക്ഷണവും

ശ്രീ. എസ്. ശർമ്മ: കളമശ്ശേരി മെഡിക്കൽ കോളേജിൽ ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തി ഈ സ്ഥാപനത്തെ ഒരു മാതൃകാ മെഡിക്കൽ കോളേജാക്കി മാറ്റുന്നതിനും ജീവനക്കാരുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിനും സത്വര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കൊച്ചി ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ഹോസ്പിറ്റൽ സർവ്വീസ് കൺസൾട്ടിംഗ് സെന്റർ തയ്യാറാക്കിയ 450 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഡി.പി.ആർ അംഗീകരിച്ച് ടി സ്ഥാപനവുമായി സമ്മതപത്രം ഒപ്പിട്ടിട്ടുണ്ട്. ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ സാധിക്കാത്ത ഈ പദ്ധതിക്ക് ആന്വൂറ്റി സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നകാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമായാൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൊച്ചി സഹകരണ മെഡിക്കൽ

കോളേജ് നിലവിലുള്ള ആസ്തി ബാധ്യതകളോടെ സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നകാര്യം ആരോഗ്യ, പൊതുമരാമത്ത് വകുപ്പുമന്ത്രിമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, ഫിനാൻസ്, ആരോഗ്യ വകുപ്പ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന സമിതി പരിശോധിക്കുകയും കൊച്ചി മെഡിക്കൽ കോളേജിന് 5 വർഷക്കാലത്തേയ്ക്ക് സ്റ്റാൻഡ് എലോൺ സ്റ്റാറ്റസ് നൽകുന്നതിനും യോഗ്യതയുള്ള സ്ഥിരം ജീവനക്കാരെയും കരാർ ജീവനക്കാരെയും സർക്കാർ സർവ്വീസിലേയ്ക്ക് സംയോജിപ്പിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. ഇക്കാര്യം ധനകാര്യ-ആരോഗ്യ-കുടുംബക്ഷേമ വകുപ്പുകളുടെ പരിശോധനയിലാണ്. മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്ക് അടുത്തവർഷം തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ജീവനക്കാരുടെ സംയോജനം പൂർത്തീകരിക്കുന്നമുറയ്ക്ക് കോളേജിന്റെ ഭാവി വികസനത്തിനാവശ്യമായ പദ്ധതി/പദ്ധതിയിതര ഇനങ്ങളിൽ തുക വകയിരുത്തുന്നതാണ്. നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സംയോജനം പൂർത്തിയാകുന്നതുവരെ നിലവിൽ വാങ്ങിവന്നിരുന്ന ശമ്പളം നൽകുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (20) കാൻസർ സബ് സെന്ററും ഡയാലിസിസ് യൂണിറ്റും അനുവദിക്കൽ

ശ്രീ. ആർ. രാജേഷ്: മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും കാൻസർ സബ് സെന്ററും അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ വകയിരുത്താമെന്നും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നുമുള്ള നിവേദനത്തിന്മേലുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ജില്ലാ മെഡിക്കൽ ആഫീസറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായും കാൻസർ കെയർ സെന്ററിനായി ടി കെട്ടിടത്തിനു മുകളിൽ എം.എൽ.എ. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണെന്നും ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിനുകീഴിൽ കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും ഒരു ജില്ലയിൽ ഒരു കേന്ദ്രം എന്ന രീതിയിൽ ജില്ലാ കാൻസർ കെയർ പദ്ധതി രൂപീകരിക്കുകയും അതുപ്രകാരം ആലപ്പുഴ ജനറൽ ആശുപത്രിയിൽ പ്രസ്തുത കേന്ദ്രം

ആരംഭിക്കുകയും ഇതിനായി ഒരു ഡോക്ടർക്കും രണ്ട് നഴ്സുമാർക്കും വിദഗ്ദ്ധ പരിശീലനം നൽകുകയും അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. നിരവധി രോഗികൾക്ക് കീമോതെറാപ്പി നൽകുന്നതിനും രോഗനിർണ്ണയം നടത്തുന്നതിനും കാൻസർ അനുബന്ധ ചികിത്സ നടത്തുന്നതിനും ഈ സെന്റർ വഴി സാധിച്ചിട്ടുണ്ട്. ഇത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

## ക്രമപ്രശ്നം

### <u>നയരൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ</u>

<u>ശ്രീ. എ. കെ. ബാലൻ</u>: 418 ബാറുകൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട മന്ത്രിസഭായോഗ തീരുമാനമനുസരിച്ച് മാർച്ച് 16-ന് എക്സൈസ് വകുപ്പ് എ.ജി.-യുടെ നിയമോപദേശത്തിനായി അയച്ച ഫയൽ മാർച്ച് 17-ന് ലഭിക്കുകയും പ്രസ്തുത ഫയൽ മുഖ്യമന്ത്രി കണ്ട് മാർച്ച് 19-ന് വീണ്ടും നിയമോപദേശത്തിനായി അയയ്ക്കുകയും മാർച്ച് 20-ന് നിയമോപദേശം ലഭിക്കുകയുമുണ്ടായി. എന്നാൽ ഇതിനകം ഇതുമായി ബന്ധപ്പെട്ട് കാബിനറ്റിൽ സമർപ്പിക്കാനുള്ള രേഖകൾ പുറത്തുപോയി. നയരൂപീകരണ വേളയിൽ മന്ത്രിസഭാംഗങ്ങൾ തമ്മിൽ അഭിപ്രായഭിന്നതകളുണ്ടാകാമെങ്കിലും ഒരു നയത്തിന് അന്തിമരൂപം നൽകിയാൽ അതിനെച്ചൊല്ലിയുള്ള തർക്കം പിന്നീട് പുറംലോകം അറിയാറില്ല. മന്ത്രിസഭയുടെ

അടിസ്ഥാന ഘടകമായ കൂട്ടുത്തരവാദിത്വം കാത്തുസൂക്ഷിക്കേണ്ടത് മുഖ്യമന്ത്രിയുടെ ചുമതലയാണ്. മാത്രവുമല്ല, ഭരണഘടനയുടെ ആർട്ടിക്കിൾ 164 (1) പ്രകാരം മുഖ്യമന്ത്രി നിയമിച്ചിരിക്കുന്ന മന്ത്രിമാരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഭരണഘടനാ ലംഘനത്തെപ്പറ്റി മുഖ്യമന്ത്രി വിശദീകരിക്കണം. നയരൂപീകരണവുമായി ബന്ധപ്പെട്ട് കാബിനറ്റിൽ വയ്ക്കാൻ വച്ച രേഖയും അനുബന്ധ രേഖകളും പുറത്തുപോയത് കൂട്ടുത്തരവാദത്തിന് നിരക്കാത്തതാണ്. ഈ വിഷയത്തിൽ റൂളിംഗ് നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മന്ത്രിസഭാ ചർച്ചയും തീരുമാനങ്ങളും രഹസ്യമായിരിക്കണമെന്നു പറയുന്നത് ഒരു നിശ്ചിത സമയത്തേയ്ക്കാണ്. അത് എല്ലാക്കാലത്തേയ്ക്കും രഹസ്യമായി വയ്ക്കാൻ കഴിയില്ല. ഇവിടെ ക്രമപ്രശ്നമായി ഉന്നയിച്ചത് മാർച്ച് മാസത്തിൽ നടന്ന കാര്യങ്ങളാണ്. വിവരാവകാശ നിയമം നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകേണ്ടിവരും. മന്ത്രിസഭയിൽ ഒരു ഭിന്നതയുമില്ല. ആയതിനാൽ ഇവിടെ ക്രമപ്രശ്നത്തിലൂടെ പറഞ്ഞ കാര്യങ്ങൾക്ക് പ്രസക്തിയില്ല.

## റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: കാബിനറ്റ് രഹസ്യം കാബിനറ്റ് കഴിയുന്നതുവരെയേയുള്ളൂ. എന്നാൽ വളരെ മുമ്പുള്ള കാബിനറ്റ് തീരുമാനത്തിന്റെ

തുടർന്നുള്ള നടപടികളാണ് ക്രമപ്രശ്നമായി ഉന്നയിച്ചിരിക്കുന്നത്. അതുകൊണ്ട് മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

താഴെ പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) 'കാരുണ്യ ബെനവലന്റ് ഫണ്ട് ' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തി അഞ്ച് മുതൽ എൺപത്തി എട്ട് വരെയുള്ള റിപ്പോർട്ടുകൾ

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനഞ്ചാമതും പതിനാറാമതും റിപ്പോർട്ടുകൾ

(4) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

(5) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

(6) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഒൻപതാമത്തും പത്താമത്തും റിപ്പോർട്ട്

**ധനകാര്യം**

## 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെയും 2003-2004, 2009-2010, 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. ഇ. പി. ജയരാജൻ: ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുന്നു. കേരളത്തിന്റെ പൊതുനിലയെക്കുറിച്ചോ ദേശീയ സാഹചര്യത്തെക്കുറിച്ചോ ആലോചിക്കാതെ തികച്ചും ജനവിരുദ്ധമായ നിലപാടുകളും ജനാധിപത്യവിരുദ്ധമായ നടപടിക്രമങ്ങളും സ്വീകരിച്ചുകൊണ്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് ഭരണം നടത്തുന്നത്. ദേശീയ രാഷ്ട്രീയം അതീവ ഉത്ക്കണ്ഠാകുലവുമാണ്. വിദ്യാലയങ്ങളിൽ ക്രിസ്തുമസ് ദിനം പ്രവൃത്തിദിനമാക്കാനുള്ള തീരുമാനം മതപരമായ സ്പർദ്ധ വളർത്തിയെടുക്കാൻ ഉതകുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യയൊട്ടാകെ വർഗ്ഗീയത വളർത്തുകയും

മതനിരപേക്ഷതയ്ക്ക് ഭീഷണിയുർത്തുകയും ചെയ്യുന്ന നിലപാട് ബി.ജെ.പി. നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റ് കൈക്കൊള്ളുമ്പോൾ അതിനെതിരെ പ്രതികരിക്കാനുള്ള ആർജ്ജവംപോലും കോൺഗ്രസ്സ് പാർട്ടി സ്വീകരിക്കാത്തത് അപലപനീയമാണ്. കേരളത്തെ പ്രകമ്പനം കൊള്ളിച്ച മാറാട് കലാപ മേഖലയിൽ നിയമവിരുദ്ധ പ്രസംഗം നടത്തിയ സംഘ്പരിവാർ തലവനെതിരെ രജിസ്റ്റർ ചെയ്ത കേസും തിരുവനന്തപുരം എം.ജി. കോളേജിൽ സംഘ്പരിവാർ പ്രവർത്തകർ പോലീസിനെ ആക്രമിച്ച കേസും പിൻവലിക്കാൻ തയ്യാറായ സമീപനം ശരിയാണോയെന്ന് ഈ സർക്കാർ വിലയിരുത്തണം. ജനങ്ങളെ സംരക്ഷിക്കാനോ ശരിയായ പ്രശ്നപരിഹാരത്തിനോ ശ്രമിക്കാതെ അധികാരത്തിനുവേണ്ടി വർഗ്ഗീയ ശക്തികളുമായി സന്ധി ചെയ്യുന്ന സർക്കാർ നിലപാട് ആശങ്കാജനകമാണ്. യു.ഡി.എഫ്. ഭരണത്തിൻകീഴിൽ സമസ്ത മേഖലകളും തകർച്ചയുടെ വക്കിലെത്തി നിൽക്കുകയാണ്. റബ്ബറിന്റെ വിലയിടിവുമൂലം കർഷകർ ആത്മഹത്യ ചെയ്യുകയാണ്. ഗവൺമെന്റ് കർഷകരുടെ താല്പര്യത്തിനനുസരിച്ചുള്ള നിലപാട് സ്വീകരിക്കുന്നില്ല. ബാർ കോഴ കേസിനെ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്താനും അഴിമതിരഹിത കേരളം സൃഷ്ടിച്ചെടുക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. കാർഷിക-വ്യാവസായിക മേഖലകളിലെ തകർച്ച, വിലക്കയറ്റം, നിയമന നിരോധനം തുടങ്ങിയവമൂലം ജനങ്ങൾ ദുരിതത്തിലാണ്.

ശ്രീ. സണ്ണി ജോസഫ്: ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ജനസമ്പർക്ക പരിപാടിയും ഓപ്പറേഷൻ കുബേര, കാരുണ്യ ബെനവലന്റ് ഫണ്ട്, കോക്ലിയർ ഇംപ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കാനും ബഡ്ജറ്റ് വിഹിതത്തിനു പുറമേ തുക അനുവദിച്ചുകൊണ്ട് സംസ്ഥാനത്തിലെ സമസ്ത റോഡുകളും നവീകരിച്ച് സഞ്ചാരയോഗ്യമാക്കാനും സാധിച്ചു. ഗവൺമെന്റ് നിയമനാസൃതമായി തന്നെ പ്രവർത്തിക്കുന്നതാണ്. ജനോപകാരപ്രദമായ ഒട്ടേറെ കാര്യങ്ങൾക്ക് അധിക തുക കണ്ടെത്തുന്നതിനാണ് ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. സി. കെ. നാണു: ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുന്നു. വാട്ടർ അതോറിറ്റി, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകൾക്ക് അറ്റകുറ്റപ്പണികൾ നടത്താൻ പണം അനുവദിക്കുന്നില്ല എന്നുമാത്രമല്ല കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള കുടിശ്ശികയും കൊടുക്കുന്നില്ല. സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനം പിരിച്ചെടുക്കാൻ ഒരു നടപടിയും സ്വീകരിക്കുന്നില്ല. കള്ളപ്പണം പിടിച്ചെടുക്കുന്നതിനും വിദേശമലയാളികളുടെ നിക്ഷേപം നാടിന്റെ പുരോഗതിക്കുവേണ്ടി വിനിയോഗിക്കുന്നതിനുള്ള നയസമീപനങ്ങൾ ഉണ്ടാകണം.

<u>ശ്രീ. സി. മോയീൻകുട്ടി</u>: ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥന കളെയും അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒമ്പത് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, 12 താലൂക്കുകൾ, ഗവൺമെന്റ് കോളേജുകൾ, മലയാളം സർവ്വകലാശാല തുടങ്ങിയവ യാഥാർത്ഥ്യമായി. അസറ്റ് ഡവലപ്മെന്റ് ഫണ്ട് 5 കോടി രൂപയായി ഉയർത്തി. പുതിയ തലമുറയ്ക്ക് ദിശാബോധം നൽകുന്നതിനായി സ്റ്റാർട്ട് അപ് വില്ലേജുകൾ സ്ഥാപിച്ചതിലൂടെ പുതിയ വ്യവസായ സംരംഭകരെ കൊണ്ടുവരാൻ സാധിച്ചു. വിദ്യാഭ്യാസ രംഗത്ത് വിദ്യാഭ്യാസ പാക്കേജ് നടപ്പാക്കുന്നതിനും ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിനും എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് എല്ലാവിധ സഹായങ്ങളും നൽകി അവരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും 50 കുട്ടികളുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡാക്കി ഉയർത്തുന്നതിനുമെടുത്ത നടപടികൾ ശ്ലാഘനീയമാണ്. കെ.എസ്. ആർ.ടി. സി. ഇന്ധനവിലയിലുണ്ടായ കുറവിലൂടെ ലഭിക്കുന്ന ലാഭം പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികളുടെ സൗജന്യ യാത്രയ്ക്കായി മാറ്റിവച്ചു. പ്രവൃത്തികൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സർട്ടിഫിക്കറ്റ് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചു. ദേശീയപാതാവികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അടിയന്തരമായ ഇടപെടലുണ്ടാകണം. 10 കോടി രൂപയിൽ താഴെ നിർമ്മാണ ചെലവുള്ള പാലങ്ങളെ ടോൾ പിരിവിൽ നിന്നും

ഒഴിവാക്കുകയും ചെറുകിട വ്യവസായങ്ങൾക്ക് ഏകജാലക സംവിധാനം കൊണ്ടുവരികയും ചെയ്തു. കശുവണ്ടി-ബീഡി-സിഗാർ-തയ്യൽ-കൈത്തറി തൊഴിലാളികളുടെ പെൻഷൻ തുക വർദ്ധിപ്പിച്ചു. തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനും പൗരന്മാർക്ക് തുല്യ നീതി ഉറപ്പുവരുത്തുന്നതിനുമായി കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കണം. ഇ-ഡിസ്ട്രിക്റ്റ് പ്രോജക്ടിനായി സപ്ലിമെന്ററി ബഡ്ജറ്റിൽ 12.9 കോടി രൂപ വകയിരുത്തുകയും പോലീസ് വകുപ്പിലെ കംപ്ലെയിന്റ് അതോറിറ്റിക്ക് വാഹനം വാങ്ങുന്നതിന് 37 ലക്ഷം രൂപയും പൊതു വിതരണ മേഖലയ്ക്കായി 70 കോടി രൂപയും നീക്കിവച്ച ഗവൺമെന്റ് നിലപാടിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഗ്രാമങ്ങളിലും മലയോര കുടിയേറ്റ മേഖലകളിലുമുള്ള പോലീസുദ്യോഗസ്ഥന്മാർ അനുഭവിക്കുന്ന കഷ്ടതകൾ പരിഹരിക്കുന്നതിനും അവർക്കാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളും വാഹനവും നൽകുന്നതിനുള്ള അടിയന്തര നടപടികൂടി സ്വീകരിക്കണം. 2016-ഓടു കൂടി കേരളം ആദ്യത്തെ ജൈവ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടുമെന്നത് അഭിമാനിക്കാൻ വക നൽകുന്നതാണ്. മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ അനുവദിക്കണം. കാർഷിക മേഖലയിൽ ചലനാത്മകായ നേട്ടങ്ങൾ കൈവരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പൊതു വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട പരാതികളും ക്രമക്കേടുകളും പരിഹരിച്ച് ഈ രംഗത്തെ സുതാര്യമാക്കുന്നതിനോടൊപ്പം നെൽക്കർഷകരിൽ

നിന്നും വാങ്ങിയ നെല്ലിന്റെ വില എത്രയുംവേഗം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഭൂരഹിതരായിട്ടുള്ള കർഷകർക്ക് ഭൂമി കണ്ടെത്തി സമയബന്ധിതമായി വിതരണം ചെയ്യുന്നതോടൊപ്പം പട്ടയം നൽകുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുകയും വേണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥന കളെയും എതിർക്കുന്നു. കേരളത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ നേരിട്ടിരിക്കുന്ന സാമ്പത്തിക ക്രൈസിസിനെ കുറിച്ച് വിശദമായ പഠനത്തിന് വിധേയമാക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ബാധ്യത ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. പോഷകാഹാരക്കുറവ് പരിഹരിച്ച് അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് ഇല്ലാതാക്കുന്നതിന് ഈ ഗവൺമെൻറ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരളത്തിന്റെ വികസനത്തിനുവേണ്ടി സമഗ്രമായൊരു സംവിധാനം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥന കളെയും എതിർക്കുന്നു. പെട്രോൾ, ഡീസൽ വിലയിലുണ്ടായ ഇളവുപയോഗിച്ച് മറ്റ് ജില്ലകളിലെ വിദ്യാർത്ഥികൾക്ക് അനുവദിച്ച സൗജന്യ യാത്ര മലബാറിലെ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ആരോപണവിധേയനായ ഒരു ധനകാര്യമന്ത്രിയാണ് ധനകാര്യപ്രശ്നങ്ങൾ

കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥന കളെയും അനുകൂലിക്കുന്നു. വികസന രംഗത്ത് അത്ഭുതകരമായ മുന്നേറ്റത്തിന് നേതൃത്വം കൊടുത്ത ഒരു സർക്കാരാണ് ഇത്. കൊച്ചി മെട്രോ പദ്ധതി, കണ്ണൂർ വിമാനത്താവളം, സ്മാർട്ട്സിറ്റി, വിഴിഞ്ഞം പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പ്രധാന പദ്ധതികളും ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് യാഥാർത്ഥ്യമാകും. കഴിഞ്ഞ മൂന്നര വർഷത്തിനിടയിൽ കേരളത്തിലെ ആശുപത്രികളിലും വിദ്യാലയങ്ങളിലും കെ.എസ്.ആർ.ടി.സി.യിലും മറ്റും പുതിയ തസ്തികകൾ സൃഷ്ടിക്കുകയും നികത്തപ്പെടാതെ കിടന്നിരുന്ന മുഴുവൻ തസ്തികകളും നികത്തുകയും ചെയ്തു. കാർഷിക മേഖലയിൽ ഹരിതഗ്രാമം പദ്ധതി യാഥാർത്ഥ്യമാകാൻ പോകുന്നു. പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. കാരുണ്യ ബെനവലന്റ് സ്കീമിനു തുല്യമായ മറ്റൊരു പദ്ധതി ഒരു ഗവൺമെന്റും കേരളത്തിൽ കൊണ്ടുവന്നിട്ടില്ല. ടൂറിസം മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യാമെന്നല്ലാതെ മദ്യനയത്തിൽ അടിസ്ഥാനപരമായി യാതൊരു മാറ്റവും വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നില്ല. ബാർമുതലാളിമാരുമായി ചേർന്ന് അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് സർക്കാരിനെതിരെ പ്രതിപക്ഷം ഉന്നയിക്കുന്നത്.

ശ്രീ. വി. ശിവൻകുട്ടി: ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥന കളെയും എതിർക്കുന്നു. നികുതി വർദ്ധനവിന്റെ പേരിൽ കെട്ടിടനിർമ്മാതാക്കളിൽ നിന്നും ബേക്കറി ഉടമകളിൽ നിന്നും കോമ്പൗണ്ടിംഗ് സിസ്റ്റവും കടപരിശോധനയും ഒഴിവാക്കി കൊടുത്തുകൊണ്ട് സ്വർണ്ണക്കടക്കാരിൽ നിന്നും കോടിക്കണക്കിന് രൂപ ധനകാര്യ വകുപ്പുമന്ത്രി കോഴ വാങ്ങിയതു സംബന്ധിച്ച ആരോപണം ഞാൻ ഉന്നയിക്കുന്നു.

## റൂളിംഗ്

### ആരോപണം ഉന്നയിക്കാനുള്ള അവകാശം

മി. ഡെപ്യൂട്ടി സ്പീക്കർ: വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ആരോപണം ഉന്നയിക്കാനുള്ള അങ്ങയുടെ അവകാശം ചെയർ നിഷേധിക്കുന്നില്ല. ചെയറിന് എഴുതിക്കൊടുത്തുകൊണ്ട് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ നിയമസഭയിൽ ആരോപണം ഉന്നയിക്കാൻ പാടുള്ളൂ എന്ന മുൻകാല റൂളിംഗ് അങ്ങയെ ഓർമ്മിപ്പിക്കുന്നു.

## ധനകാര്യം (തുടർച്ച)

ശ്രീ. വി. ശിവൻകുട്ടി: കൈക്കൂലി വാങ്ങി റവന്യൂ റിക്കവറിക്ക് സ്റ്റേ അനുവദിച്ചതു സംബന്ധിച്ചും നികുതി വർദ്ധനവിന്റെ പേരിൽ വ്യാപാരി-വ്യവസായികളിൽ നിന്ന് കോടിക്കണക്കിന് രൂപ കോഴ വാങ്ങിയതു സംബന്ധിച്ചും

മറ്റുമുള്ള ധനകാര്യ വകുപ്പുമന്ത്രിക്കെതിരായ ആരോപണങ്ങൾ നിയമസഭാ സമിതിയെ വച്ച് അന്വേഷിക്കണമെന്നും വിജിലൻസ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ശ്രീ. ടോം ജോസിനെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെടുന്നു.

ശ്രീ. സി. പി. മുഹമ്മദ്: ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥന കളെയും പിന്താങ്ങുന്നു. ധനകാര്യ വകുപ്പുമന്ത്രിക്കെതിരായ ആരോപണവും വിൽപ്പന നികുതിക്ക് സ്റ്റേ അനുവദിച്ചുവെന്നുള്ള ആരോപണവും അടിസ്ഥാനരഹിതമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ആരോപണങ്ങളുടെ പേരിൽ ആർക്കെതിരെയും കേസെടുത്തിട്ടില്ല. മതേതരത്വം സംരക്ഷിക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെയും ഒരുമിച്ച് പോരാടേണ്ടവരാണെന്ന കാര്യം മറന്ന് കോൺഗ്രസ്സിനെ പഴിപറയുന്ന പ്രതിപക്ഷത്തിന്റെ നിലപാട് അവസാനിപ്പിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥനകളെയും എതിർക്കുന്നു. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന 523 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളിൽ 203 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ളതാണ്. സീലിംഗ് ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഈ ഉപധനാഭ്യർത്ഥനകളിലൂടെ പാസ്സാക്കുന്ന തുക നിശ്ചിത ദിവസങ്ങൾക്കകം ചെലവഴിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുകയില്ല. കേന്ദ്രാവിഷ്കൃത

പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതത്തിനും ഇതുവരെ ചെലവഴിച്ചതിനുള്ള റാറ്റിഫിക്കേഷനും വേണ്ടിയാണ് ബാക്കിത്തുക പാസ്സാക്കുന്നത്. നികുതി വരുമാനത്തിൽ കാര്യമായ വർദ്ധനവുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. വികസന പ്രവർത്തനങ്ങളെല്ലാം സ്തംഭനാവസ്ഥയിലാ യിരിക്കുകയാണ്. നടപടിക്രമങ്ങൾ പാലിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റുകൾ അനുവദിക്കുന്നതിലൂടെ പൊതുമരാമത്ത് വകുപ്പിൽ അഴിമതി നടമാടുകയാണ്. ഭരണാനുമതി നൽകിയ 4,000 കോടി രൂപയുടെ പ്രവൃത്തികളിൽ 1,700 കോടി രൂപയുടെ പ്രവൃത്തികളും കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയതിന് പിന്നിൽ നടന്ന അഴിമതിയിൽ മരാമത്ത് വകുപ്പ് സെക്രട്ടറി മാത്രമല്ല, പൊതുമരാമത്ത്/ധനകാര്യ വകുപ്പുമന്ത്രിമാരും പങ്കാളികളാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്കുവേണ്ടി പണം വിനിയോഗിക്കുകയും വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുകയും ചെയ്യുന്ന ഒരു സർക്കാരാണിത്. ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുക്കാനും പ്രവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 50 കോടി രൂപ വിനിയോഗിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സ്റ്റാർട്ടപ് വില്ലേജുകളുടെ

രൂപീകരണം സംസ്ഥാനത്തിന്റെ വികസനപാതയിലെ നാഴികക്കല്ലാണ്. മദ്യനയം സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നിലപാട് ശ്ലാഘനീയമാണ്. രാജ്യം നേരിടുന്ന ഗുരുതരമായ വിഷയങ്ങളിൽനിന്നും ഒളിച്ചോടുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് പ്രതിപക്ഷം ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുന്നു. ബാർ കോഴക്കേസിൽ പ്രതിയായ ആരോപണവിധേയനായ ധനകാര്യ വകുപ്പുമന്ത്രി, മന്ത്രി പദവിയിൽനിന്നും മാറിനിന്ന് അന്വേഷണം നേരിടാൻ തയ്യാറാകണം. തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി സംസ്ഥാനം സാമ്പത്തിക തകർച്ചയെ അഭിമുഖീകരിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ തയ്യാറാകാതെ ബഡ്ജറ്റ് വിറ്റ് ഖജനാവ് കൊള്ളയടിക്കുന്ന സർക്കാരായി യു.ഡി.എഫ്. സർക്കാർ മാറിയിരിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പ് നടത്തിയ നാനോ എക്സൽ കമ്പനിയിലെ ഉദ്യോഗസ്ഥനെതിരെയും വിവിധ കുറ്റങ്ങളിൽ മുൻകാല നടപടികൾക്ക് വിധേയനായ കോഴിക്കോട് ടാക്സസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനെതിരെയും യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറായിട്ടില്ല. വാറ്റ് നിയമപ്രകാരം മെഡിസിൻ വിഭാഗത്തിൽ പെടാത്ത ആയുർവേദ ഉൽപ്പന്നങ്ങളുടെ നികുതി

പിരിച്ചെടുക്കാതെ ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് വരുത്തിയിരിക്കുന്നത്. സമ്പൂർണ്ണമായി വെളിച്ചെണ്ണ കൊണ്ട് നിർമ്മിച്ച സോപ്പിന് നൽകിയ നികുതി എക്സംപ്ഷൻ ഒഴിവാക്കിയശേഷം ഡോക്ടർ വാഷ് എന്ന കമ്പനി സോപ്പിന് നികുതിയിളവ് നൽകിയതിന്റെ ഫലമായി ഇരുപത്തിയേഴ് കോടി രൂപയുടെ നഷ്ടമാണ് സർക്കാരിനുണ്ടായിരിക്കുന്നത്. ഇത്തരത്തിൽ ബഡ്ജറ്റ് ദുരുപയോഗം ചെയ്ത് നടത്തിയിരിക്കുന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ഒരു നിയമസഭാ സമിതിയെ വച്ച് അന്വേഷിക്കാൻ തയ്യാറാക്കണം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് സർക്കാരിനെതിരെ പ്രതിപക്ഷം ഉന്നയിക്കുന്നത്. ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കായുള്ള ചർച്ചകൾ നടത്തുന്നതിനുപകരം കേരള രാഷ്ട്രീയത്തെ മലീമസമാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ക്രിസ്തുമസ് ദിനത്തിൽ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് പ്രവൃത്തി ദിനമാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നടപടിക്കെതിരെ രാജ്യമെമ്പാടുമുള്ള ജനങ്ങൾ നടത്തുന്ന പ്രതിഷേധത്തിൽ സഭയും പങ്കുചേരണം. ഇ.എഫ്.എൽ.-ഉമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനായി സർക്കാർ എടുത്ത തീരുമാനത്തെ അട്ടിമറിക്കുന്ന ഉദ്യോഗസ്ഥ സംവിധാനത്തിനെതിരെ നടപടി സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാർ വിവിധ

മേഖലകളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളെ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കരുത്. ത്രിതല പഞ്ചായത്ത് സംവിധാനം വഴി വർഷംമുഴുവൻ പദ്ധതി പണം ചെലവഴിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള ശക്തമായ നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന് ധാർമ്മികമായി ഭരണത്തിൽ തുടരാൻ അവകാശമില്ലെന്ന പ്രതിപക്ഷത്തിന്റെ വാദം അടിസ്ഥാനരഹിതമാണെന്ന് യു.ഡി.എഫ്. പല തവണ തെളിയിച്ചിട്ടുള്ളതാണ്. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ നടക്കുന്ന സമരപരമ്പരകൾ പരാജയപ്പെടുന്ന കാഴ്ചകൾക്കാണ് സമീപകാല കേരളം സാക്ഷ്യം വഹിച്ചത്. ബാർ കോഴ ആരോപണം സംബന്ധിച്ച് പ്രതിപക്ഷനേതാവിന്റെ പരാതി ലഭിച്ച അന്നുതന്നെ ക്വിക്ക് വെരിഫിക്കേഷനുള്ള നടപടി സ്വീകരിക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് ആർജ്ജവം കാണിച്ചു. സ്വന്തം പാർട്ടിയുടെ സ്ഥാപക നേതാക്കളിലൊരാളുടെ പ്രതിമ തകർത്ത സംഭവത്തിലെ കുറ്റവാളികളെ കണ്ടെത്തുന്നതിനായി ഈ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളെ തടസ്സപ്പെടുത്തുന്നത്

തികച്ചും അപലപനീയമാണ്. ധനകാര്യ വകുപ്പുമന്ത്രിക്കെതിരെയുള്ള ആരോപണം നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന വാദം ബാലിശമാണ്. ഇന്ത്യയിൽ മതേതരത്വം നിലിനിറുത്താൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വഹിച്ച പങ്ക് അനിർവചനീയമാണ്. മതേതരത്വ പൈതൃകം നിലനിറുത്താനും ജനാധിപത്യ സംവിധാനം സംരക്ഷിക്കാനുമുള്ള ദൗത്യത്തിൽ ബി.ജെ.പി.ക്കെതിരായി പോരാടാൻ തയ്യാറാകണം. യു.ഡി.എഫ്. ഗവൺമെന്റിനുകീഴിൽ സംസ്ഥാനത്ത് സമസ്ത മേഖലയിലും പുരോഗതി കൈവരിച്ചിരിക്കുകയാണ്. ആരോഗ്യ മേഖലയ്ക്ക് മുൻഗണന നൽകി ആവിഷ്കരിച്ച കാരുണ്യ ബെനവലന്റ് ഫണ്ട് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുന്നു. നെല്ല് സംഭരിച്ച വകയിലും ഭവനരഹിത പദ്ധതിക്കും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡറേഷനും കരാറുകാർക്കും ക്ഷേമ പെൻഷനുകൾക്കും നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനോ ശമ്പളപരിഷ്കരണം നടപ്പിലാക്കാത്ത സാഹചര്യത്തിൽ സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നതിനോ റബ്ബറിന്റെ

വിലയിടിഞ്ഞ സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിനോ ഉപധനാഭ്യർത്ഥനയിൽ തുക വകയിരുത്തിയിട്ടില്ല. മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിന്റെയും എണ്ണം കൂടിയതും ചീഫ് വിപ്പ് ഉൾപ്പെടെയുള്ളവർക്ക് മന്ത്രി പദവി കൊടുത്തതുംമൂലമുണ്ടായ അധികചെലവ് സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കിയതു കാരണം തസ്തികകൾ വെട്ടിക്കുറയ്ക്കുകയും കടം വർദ്ധിക്കുകയും ചെയ്തു. ആസ്തി വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. മാർച്ച്-ഏപ്രിൽ മാസങ്ങളിലെ മന്ത്രിസഭാ രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകണം. ബാർ കോഴ കേസ് അന്വേഷണം ശരിയായ വിധത്തിൽ നടക്കുന്നതിനായി ധനകാര്യ വകുപ്പുമന്ത്രി രാജിവയ്ക്കണം. മന്ത്രിക്കെതിരെ ഭരണകക്ഷിയംഗം ഉന്നയിച്ച അഴിമതി ആരോപണം നിയമസഭാ സമിതിയെക്കൊണ്ടുപോലും അന്വേഷിപ്പിക്കാൻ തയ്യാറാകാത്ത ഗവൺമെന്റ് അഴിമതിക്ക് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കുകയാണ് ചെയ്യുന്നത്. ബാർ ഉടമസ്ഥരെ സഹായിക്കുന്നതിനുവേണ്ടിയാണ് മദ്യനയത്തിൽ മാറ്റം വരുത്തുന്നത്. ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുമെന്നുള്ള പ്രഖ്യാപനം നടപ്പാക്കാൻ ഗവൺമെന്റിന് സാധിക്കുന്നില്ല. സാമുദായിക ധ്രുവീകരണമുണ്ടാകാത്ത വിധത്തിൽ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വിഭജിക്കുന്നതിനായി ഒരു പ്രത്യേക കമ്മീഷനെ നിയോഗിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): റിവൈസ്ഡ് എസ്റ്റിമേറ്റിനെ സംബന്ധിച്ച് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ തെറ്റിദ്ധാരണാജനകമാണ്. കടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ, ആലപ്പുഴ നഴ്സിംഗ് ഹോസ്റ്റൽ എന്നിവയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുത്തിട്ടില്ല. പട്ടുവം കടവ് പാലത്തിന് 200 മീറ്റർ അംഗീകരിച്ചുവെങ്കിലും പ്രസ്തുത സ്ഥലത്ത് പുഴയുടെ വീതി 310 മീറ്റർ ആയതുകൊണ്ട് പുഴ നികത്തി അപ്രോച്ച് റോഡ് നിർമ്മിക്കുന്നത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിന്റെ അടിസ്ഥാനത്തിൽ ഡ്രിക് ബോർഡിന്റെ അംഗീകാരത്തോടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുത്തു. ആലപ്പുഴ സിവിൽ സ്റ്റേഷൻ അനക്സ് ബിൽഡിംഗിന് റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ ആകെ 70 റിവൈസ്ഡ് എസ്റ്റിമേറ്റുകളാണ് കൊടുത്തിട്ടുള്ളത്. ടെണ്ടർ എക്സസ് രണ്ടുശതമാനം മുതൽ 50 ശതമാനം വരെ വരാറുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 523 കോടി രൂപയാണ് ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗം തടസ്സപ്പെടുത്തിക്കൊണ്ട് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആരോപണം എഴുതിക്കൊടുത്ത് മറുപടി

കേൾക്കാൻ തയ്യാറാകാത്തത്  ഒരു വിധത്തിലും ന്യായീകരിക്കാൻ സാധിക്കുകയില്ല.

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ച അഴിമതി ആരോപണങ്ങളെല്ലാം നിഷേധിക്കുന്നു. മെറ്റൽ ക്രഷറിന് ഏർപ്പെടുത്തിയ നികുതി വർദ്ധനവ് നിർമ്മാണമേഖലയെ ദോഷമായി ബാധിക്കുമെന്നത് അടിസ്ഥാനരഹിതമാണ്. ഭക്ഷണ സാധനങ്ങളുണ്ടാക്കുന്ന മൈദ, ആട്ട, സൂചി, റവ എന്നിവയ്ക്ക് നികുതി വേണ്ടെന്ന് വച്ചതിലൂടെ അന്യസംസ്ഥാന കച്ചവടക്കാർക്കു മാത്രമായി യാതൊരു ഇളവും നൽകിയിട്ടില്ല. ബിൽഡേഴ്സിന്റെ കോമ്പൗണ്ടിംഗ് നികുതി വർദ്ധിപ്പിക്കാതിരിക്കാൻ കോഴ വാങ്ങിയെന്ന ആരോപണം തികച്ചും അടിസ്ഥാന രഹിതമാണ്. സ്വർണ്ണത്തിന്റെ നികുതിപുനർനിർണ്ണയം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. ബേക്കറി ബ്രാന്റഡ് സാധനങ്ങൾക്ക് പതിനാലര ശതമാനം നികുതി ഈടാക്കുകയും കേക്ക്, ലഡു, ജിലേബി എന്നിവയുടെ നികുതി അഞ്ച് ശതമാനമായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രനിയമങ്ങളുടെയും ചട്ടങ്ങളുടെയും പിൻബലത്തിൽ ജില്ലാകളക്ടർ നൽകുന്ന എൻ.ഒ.സി.ക്ക് വിധേയമായി പെട്രോൾ പമ്പുകൾക്ക് ലൈസൻസ് നൽകുന്നതിൽ സംസ്ഥാന

ഗവൺമെന്റിന് യാതൊരു പങ്കുമില്ല. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെടുക്കുന്ന ഇൻഷ്വറൻസ് പോളിസിയിന്മേലുള്ള പ്രീമിയത്തിന്റെ 50 ശതമാനം പൊതുമേഖലാ ജനറൽ ഇൻഷ്വറൻസ് കമ്പനികൾ അടയ്ക്കണമെന്ന കാരാറിലൂടെ 10 കോടി രൂപ ലാഭമുണ്ടാക്കി. വെളിച്ചെണ്ണ ഉപയോഗിച്ച് ഉണ്ടാക്കുന്ന സോപ്പുകൾക്ക് നൽകിയ നികുതിയിളവ് ദുരുപയോഗം ചെയ്യാതിരിക്കാൻ വെളിച്ചെണ്ണ ഉപയോഗിച്ചുണ്ടാക്കുന്ന വാഷിംഗ് സോപ്പിന് ഒരു ശതമാനമായും ഹാൻഡ്മെയ്ഡ് സോപ്പിന് അഞ്ച് ശതമാനമായും ബാക്കിയുള്ള സോപ്പിന് പതിനാലര ശതമാനമായും നികുതി നിജപ്പെടുത്തി. ഡ്രഗ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന ആയുർവേദ കോസ്മെറ്റിക്കുകളുടെ ഉയർന്ന നിരക്കിലുള്ള നികുതി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ തീരുമാനിച്ചു.

(വിശദമായ ഡോക്യുമെന്റ് മേശപ്പുറത്ത് വച്ചു.)

(മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സഭാ നടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആരോപണങ്ങൾ എഴുതിക്കൊടുത്ത് ഉന്നയിച്ചശേഷം ബന്ധപ്പെട്ട മന്ത്രിമാരെക്കൊണ്ട് മറുപടി പറയിപ്പിക്കാതിരിക്കാനുള്ള സംഘടിതമായൊരു ശ്രമമാണ് ഇവിടെ നടന്നത്. നിയമസഭയിൽ ഒരേ വിഷയം ഒന്നിൽക്കൂടുതൽ പ്രാവശ്യം ചർച്ച ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥയുണ്ടെങ്കിലും

അതിന് വിരുദ്ധമായി പല വിഷയങ്ങളും ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. ടോം ജോസ് 19.15 ഹെക്ടർ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തുനിന്ന് ഉന്നയിച്ച ആരോപണങ്ങളിന്മേൽ ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ എല്ലാ ഇടപാടുകളും യഥാസമയം അന്നത്തെ ഗവൺമെന്റിന് നൽകിയിട്ടുണ്ടെന്ന വിവരമാണ് ലഭിച്ചിരിക്കുന്നത്. ടി ഇടപാടുമായി ബന്ധപ്പെട്ട് തുടരന്വേഷണം നടന്നുകൊണ്ടിരിക്കുകയുമാണ്. പ്രതിപക്ഷം ആരോപണങ്ങളുടെ പുകമറ സൃഷ്ടിക്കുകയാണ്. തെറ്റായ ആക്ഷേപങ്ങളുടെ പേരിൽ ശ്രീ. കെ. എം. മാണി രാജി വയ്ക്കേണ്ടതില്ലെന്ന തീരുമാനം അദ്ദേഹത്തിന്റെ പാർട്ടിയുടെയും യു.ഡി.എഫ്.-ന്റെയും മുഖ്യമന്ത്രിയുടേതുമാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിനെന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനമെന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം

എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2003-2004, 2009-2010, 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.07-ന് പിരിഞ്ഞു.

* * * * * * * * * *